## പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ *548 25/10/2011 ൽ മറുപടിയ്ക്ക്

## വില്ലേജാഫീസുകൾ- ലാന്റ് മാനേജ്മെന്റ് സെന്ററുകൾ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. പി. എ. മാധവൻ:<br>ശ്രീ. പാലോട് രവി:<br>ശ്രീ. ഷാഫി പറമ്പിൽ:<br>ശ്രീ. ഹൈബി ഈഡൻ: | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(റവന്യൂ വകുപ്പ് മന്ത്രി) |
| (എ) വില്ലേജ് ഓഫീസുകളെ ലാന്റ് റിക്കാർഡ്സ് മാനേജ്മെന്റ് സെന്ററുകളായും ഭരണത്തിന്റെ അടിസ്ഥാന യൂണിറ്റുകളായും ചിട്ടപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിരിക്കുന്നത്; | (എ) ലാന്റ് റവന്യൂ ഭരണത്തിലെ അടിസ്ഥാന യൂണിറ്റായ വില്ലേജാഫീസുകളിലെ റിക്കാർഡുകൾ കമ്പ്യൂട്ടറൈസ് ചെയ്യുന്നതിന് കേന്ദ്രാവിഷ്കൃത പദ്ധതിയുടെ സഹായത്തോടെ നടപടികൾ പുരോഗമിച്ചു വരുന്നു. കേരളത്തിലെ റീ-സർവ്വേ പൂർത്തിയാക്കിയ 766 വില്ലേജുകളിലെ റിക്കാർഡുകളുടെ കമ്പ്യൂട്ടറൈസേഷൻ ആണ് ആദ്യമായി ലക്ഷ്യമിടുന്നത്. ഓൺലൈനായി പോക്കുവരവ് നടത്തുന്നതിലേയ്ക്കായി എൻ.ഐ.സി. യുടെയും, റവന്യൂ-ഐ. റ്റി. സെല്ലിന്റെയും പ്രവർത്തന ഫലമായി റെലിസ് (RELIS) എന്ന പ്രോഗാം വികസിപ്പിച്ചെടുക്കുകയും പാലക്കാട് ജില്ലയിലെ ആലത്തൂർ, വടക്കാഞ്ചേരി എന്നീ സബ് രജിസ്ട്രാർ ഓഫീസുകളുടെ കീഴിൽ വരുന്ന 16 വില്ലേജുകളിൽ പരീക്ഷണാടിസ്ഥാനത്തിൽ നടത്തി വരുകയും ചെയ്യുന്നു. |

| | |
|---|---|
| (ബി) അതിനായി ലാന്റ് റിക്കാർഡ്സ് കമ്പ്യൂട്ടർവൽക്കരണത്തിന്റെ പ്രവർത്തനങ്ങൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ; | (ബി) ലാന്റ് റിക്കാർഡ്സ് കമ്പ്യൂട്ടർവൽക്കരണ പദ്ധതി പ്രകാരം ഭൂരേഖ നൽകുന്നതിനും (ആർ.ഒ.ആർ) ഓൺലൈൻ വഴി പോക്കുവരവ് നടത്തുന്നതിനുമുള്ള പ്രവർത്തനം പൈലറ്റ് അടിസ്ഥാനത്തിൽ പാലക്കാട് ജില്ലയിലെ ആലത്തൂർ, വടക്കാഞ്ചേരി സബ് രജിസ്ട്രാർ ഓഫീസുകളുടെ പരിധിയിൽപ്പെട്ട 16 വില്ലേജുകളിൽ നടപ്പിലാക്കുകയും ഈ പ്രവർത്തനം വിപുലീകരിക്കുന്നതിനുമുള്ള നടപടികൾ എടുത്തു വരികയും ചെയ്യുന്നു. |
| (സി) ലാന്റ് റിക്കാർഡ്സിന്റെ ഡിജിറ്റലൈസേഷൻ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികളാണ് കൈക്കൊള്ളാനുദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്താമോ? | (സി) ലാന്റ് റിക്കാർഡ്സിന്റെ ഡേറ്റ ഡിജിറ്റൈസേഷൻ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിന് എല്ലാ ജില്ലകളിലും ഐ. റ്റി. സെല്ലുകൾ രൂപീകരിക്കുകയും പ്രസ്തുത സെല്ലിന്റെ പ്രവർത്തന ഫലമായി കമ്പ്യൂട്ടറൈസ് ചെയ്ത വില്ലേജ് റിക്കാർഡുകൾ പരിശോധിക്കുകയും ചെയ്യുന്നു. തുടർന്ന് വില്ലേജാഫീസ്, താലൂക്കാഫീസ്, സബ്‌രജിസ്റ്റർ ഓഫീസ് എന്നിവയെ ഓൺലൈൻ വഴി ബന്ധിപ്പിക്കുന്നതിനും പോക്കുവരവ് നടത്തുന്ന പ്രക്രിയ സുഗമവും, സുതാര്യവും ആക്കുന്നതിനുമുള്ള പ്രവർത്തനം ആണ് ഉദ്ദേശിക്കുന്നത്. കൂടാതെ സർക്കാർ ഭൂമിയുടെ ഡിജിറ്റൈസേഷൻ ജോലികൾ പൂർത്തീകരിക്കുന്നതിനായി ഒരു ഡിജിറ്റൈസേഷൻ സെന്റർ താൽക്കാലികമായി പബ്ലിക് ആഫീസിലെ റവന്യൂ കോംപ്ലക്സിൽ പ്രവർത്തന മാരംഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ